# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2610 09.03.2017 -ലെ മറുപടി**

## ചിറ്റൂർപ്പുഴ പദ്ധതിയിൽപ്പെട്ട മൂലത്തറ ഡാം

**ചോദ്യം**

**ശ്രീ. കെ. കൃഷ്ണൻകുട്ടി**

**ഉത്തരം**

**മാത്യു റ്റി തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

ചിറ്റൂർ പുഴ പദ്ധതിയിൽപ്പെട്ട മൂലത്തറ ഡാമിന്റെ ഷട്ടർ പുനർനിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും കോടതികളിൽ കേസ് നിലവിലുണ്ടോ; കേസിന് ആസ്പദമായ കാര്യങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

മൂലത്തറ റെഗുലേറ്ററിലെ ഡ്രിപ്പ് ജോലികൾ സംബന്ധിച്ച് M/s. ജെൻ മെഷീൻസ് എഞ്ചിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ബഹു. കേരള ഹൈക്കോടതിയിൽ കേരള സർക്കാർ 1-ാം എതിർകക്ഷിയായി WP(C).No.33508/16 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ് സംബന്ധിച്ച കാര്യവിവരണ പത്രിക (Statement of facts) ശിരുവാണി പ്രോജക്ട് സർക്കിൾ എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ബന്ധപ്പെട്ട സർക്കിളിലെയും ഐ.ഡി.ആർ.ബി യിലെയും ഉദ്യോഗസ്ഥർ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ സ്റ്റേറ്റ് അറ്റോർണിയുമായും ഗവ.പ്ലീഡറുമായും കൂടികാഴ്ചകൾ നടത്തി. 20.10.2016 ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവു പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുമുള്ള ഉത്തരവ് നേടാതെ ടെണ്ടർ അന്തിമമാക്കരുതെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 18.11.2016 ലെ കോടതി ഉത്തരവ് പ്രകാരം മേൽ പറഞ്ഞ ഇടക്കാല ഉത്തരവ് 2 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു. തുടർന്ന് 14.02.2017 ലെ കോടതി ഉത്തരവു പ്രകാരം മേൽപ്പറഞ്ഞ ഇടക്കാല ഉത്തരവ് 2 ആഴ്ചത്തേയ്ക്കുകൂടി ദീർഘിപ്പിക്കുകയുണ്ടായി. കേസ് നടപടികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

08.02.2017-ലെ 830316/ISWC1/16/WRD നമ്പർ കത്ത് പ്രകാരം ഈ പ്രവൃത്തി സെൻട്രൽ വാട്ടർ കമ്മീഷന്റെ (CPMU) അനുമതിയോടെ റീ ടെണ്ടർ ചെയ്യുന്നതിനു സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുവാനുള്ള അനുമതിയ്ക്കായി CPMU വിന് ഐ.ഡി.ആർ.ബി. ചീഫ്

എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അപേക്ഷ നൽകിയതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. റിട്ട് പെറ്റീഷൻ ( C ) നമ്പർ 33508/16 ൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

മൂലത്തറ റെഗുലേറ്ററിലെ ഡ്രിപ്പ് ജോലികൾ റീ ടെണ്ടർ ചെയ്യണമെന്ന സർക്കാർ തീരുമാനത്തിനെതിരെ M/s. ജെൻ മെഷീൻസ് എഞ്ചിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് WP(C).No. 6910/2017 ആയി വീണ്ടും റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് പെറ്റീഷൻ 07.03.2017 ന് കോടതിയുടെ പരിഗണനയിൽ വരുമെന്ന് അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ